**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 980** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുളത്തൂപ്പുഴ കിഴക്കൻ വനാതിർത്തിയിലെ മുളങ്കാട് പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ കുളത്തൂപ്പുഴ കിഴക്കൻ വനാതിർത്തിയിൽ നട്ടുപിടിപ്പിച്ചിട്ടുള്ള മുളങ്കാട്ടുകൾ യഥാസമയം വെട്ടി വിൽക്കാതെ ഉണങ്ങി നശിച്ച് ഭീമമായ നഷ്ടം സംഭവിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | നിലവിലെ നടപടിക്രമങ്ങളിൽ ഇളവു നൽകി തദ്ദേശീയരായ ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ വാങ്ങുന്നതിന് സൗകര്യമൊരുക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ; | (ബി) | പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ പുതിയ വർക്കിംഗ് പ്ലാൻ നിലവിൽ വരുന്ന മുറയ്ക്ക് ആയതിലെ വ്യവസ്ഥകൾക്കും നിലവിലുള്ള നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായാണ് തദ്ദേശീയരായ ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ അനുവദിക്കുന്നത്. നിലവിലെ നടപടിക്രമങ്ങളിൽ ഇളവു നൽകി ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ വെട്ടിനൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 09.02.2018-ലെ സ.ഉ.(കൈ)നം.3/2018-വനം, 21.01.2008-ലെ ജി.ഒ.(ആർ.റ്റി)33/08/വനം നമ്പർ എന്നീ ഉത്തരവുകളിൽ വ്യവസ്ഥകൾ വിശദമാക്കിയിട്ടുണ്ട്. |
| (സി) | പാകമായ മുളകൾ മുറിച്ചാൽ മാത്രമേ പുതിയവ കിളിർത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണം ആക്കാൻ കഴിയുകയുള്ളൂ എന്നത് പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ 31.03.2021-ൽ അവസാനിച്ചിട്ടുള്ളതാണ്. പുതിയ വർക്കിംഗ് പ്ലാനിന്റെ അംഗീകാര പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. പുതിയ വർക്കിംഗ് പ്ലാൻ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമെ പാകമായ മുളകൾ മുറിച്ച് മാറ്റാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ